# മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിൽ

## ബീച്ച് ഗെയിംസ് 2019

ഡി.എസ്.സി.എം.എൽ.പി/എ1/187/2019

### സർക്കുലർ

വിഷയം : ബീച്ച് ഗെയിംസ് 2019-20 മലപ്പുറം ജില്ലാതല മത്സരം നടത്തുന്നത് സംബന്ധിച്ച് -

2019 -20 ൽ കേരള സർക്കാർ നടപ്പിലാക്കുന്ന ബീച്ച് ഗെയിംസിന്റെ ജില്ലാ തല മത്സരങ്ങൾ 2019 നവംബർ 16 മുതൽ 24 വരെ തിയ്യതികളിലായി നടക്കുകയാണ്. ഫുട്ബോൾ ,വോളിബോൾ ,കബഡി,വടം വലി എന്നീ കായികയിനങ്ങളിലാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത് . തീരദേശവാസികൾക്കായി ഫുട്ബോൾ ,വടംവലി എന്നീ കായികയിനങ്ങളിൽ പ്രത്യേക മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.

**മാർഗ്ഗനിർദ്ദേശങ്ങൾ :**

1. മലപ്പുറം ജില്ലയിലെ അംഗീകൃത ക്ലബുകൾ (സൊസൈറ്റി/രജിസ്ട്രേഷൻ/യുവജനക്ഷേമബോർഡ്/ഗ്രാമപഞ്ചായത്ത്/നെഹ്റുയുവകേന്ദ്ര എന്നിവയിൽ ഏതെങ്കിലും ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്) സ്പോർട്സ് സംഘടനകൾ വഴി വരുന്ന ടീമുകൾ സർക്കാർ/അർദ്ധസർക്കാർ/കോളേജ് മുഖാന്തിരം വരുന്ന ടീമുകൾക്ക് മത്സരങ്ങളിൽ പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കുന്ന ടീമംഗങ്ങൾ ആറ് മാസത്തിൽ കൂടുതൽ ജില്ലയിലെ സ്ഥിരതാമസക്കാരോ ജോലിക്കാരോ,വിദ്യാഭ്യാസ സംബന്ധമായി താമസിക്കുന്നവരോ ആയിരിക്കേണ്ടതാണ്.
2. എല്ലാ ഇനത്തിലും സീനിയർ തലത്തിൽ മാത്രമാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്.
3. പുരുഷൻമാർ 18 വയസ്സോ അതിനു മുകളിലോ പ്രായമുള്ളവരും വനിതകൾ 16 വയസ്സോ അതിന് മുകളിലോ പ്രായമുള്ളവരും ആയിരിക്കണം. എല്ലാ വിഭാഗത്തിനും ഈ മത്സരങ്ങളിൽ പങ്കെടുക്കാവുന്നതാണ്.



Scanned by CamScanner

4. നടത്തുന്ന കായികയിനങ്ങളുടെ വിശദവിവരങ്ങൾ താഴെപ്പറയുന്നു.

| ക്രം. നം | കായികയിനങ്ങൾ | ഒരു ടീമിൽ പങ്കെടുക്കുന്ന വരുടെ എണ്ണം |
|---|---|---|
| 1. | ഫുട്ബോൾ(വനിത/പുരുഷൻ) | 12 |
| 2. | വോളിബോൾ(വനിത/പുരുഷൻ) | 12 |
| 3. | കബഡി(വനിത/പുരുഷൻ) | 12 |
| 4. | വടംവലി(വനിത/പുരുഷൻ) | 10 |
| 5. | ബീച്ച്ഫുട്ബോൾ(മത്സ്യതൊഴിലാളി) (പുരുഷൻ മാത്രം) | 10 |
| 6. | വടംവലി(ബീച്ച്)(മത്സ്യതൊഴിലാളി) (പുരുഷൻ മാത്രം) | 10 |

5. ഫുട്ബോൾ ഒഴികെയുള്ള മറ്റ് മത്സരങ്ങളെല്ലാം അതാത് ഇനങ്ങളുടെ സ്പോർട്സ് ഫെഡറേഷന്റെ Rules and regulations അനുസരിച്ചായിരിക്കും നടത്തുന്നത് .
6. ഫുട്ബോളിൽ ഒരു സൈഡിൽ ഗോൾ കീപ്പർ ഉൾപ്പെടെ 7 പേരാണ് ഉണ്ടായിരിക്കേണ്ടത്.മൊത്തം 12 പേർക്ക് ടീമിൽ പങ്കെടുക്കാം. Subsitution ന് പരിധിയില്ല.എന്നാൽ സബ്സിറ്റ്യൂട്ട് ചെയ്യപ്പെട്ട വ്യക്തിക്ക് വീണ്ടും അതേ മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കില്ല. 30 മിനിറ്റുകളുള്ള രണ്ട് പകുതികളായിട്ടായിരിക്കും മത്സരങ്ങൾ ഉണ്ടായിരിക്കുക. 5 മിനിറ്റ് വിശ്രമം. സമനിലയിൽ ആയാൽ എസ്ട്ര സമയം അനുവദിക്കുന്നതല്ല. Tie breake ലൂടെ വിജയികളെ നിശ്ചയിക്കുന്നതാണ്.
7. ഓരോ ടീമിന്റെ കൂടെയും കണ്ട് ഓഫീഷ്യൽസ് മാത്രമെ പാടുള്ളൂ(കോച്ച്/മാനേജർ)വനിതാ ടീമുകളുടെ കൂടെ വനിതാ മാനേജർ/കോച്ച് ഉണ്ടായിരിക്കണം.
8. മത്സരങ്ങളെല്ലാം നോട്ട് ഔട്ട് രീതിയിലായിരിക്കും നടത്തുക.

Scanned by CamScanner

9. ജില്ലാ മത്സരങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന ടീമായിരിക്കും സംസ്ഥാനതല മത്സരങ്ങളിൽ ജില്ലയെ പ്രതിനിധീകരിച്ച് മത്സരിക്കുക. ഇതിനായി പ്രത്യേകം സെലക്ടർമാരെ നിശ്ചയിക്കുന്നതാണ്.

10. മത്സ്യതൊഴിലാളികളുടെ ടീമുകൾക്ക് മാത്രമായി ഫുട്ബോളിലും വടംവലിയിലും പ്രത്യേകം മത്സരങ്ങൾ നടത്തുന്നുണ്ട്. കടപ്പുറം മേഖലയിൽ വെച്ച് തന്നെയാണ് ഈ മത്സരങ്ങൾ സംഘടിപ്പിക്കുക. മത്സ്യതൊഴിലാളികൾ കടലിൽ പോകുന്നവരാണെന്ന് –തെളിയിക്കുന്നതിനുള്ള രേഖ/ ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ തിരിച്ചറിയൽ കാർഡ്/ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. മത്സ്യതൊഴിലാളികൾക്കായുള്ള ഫുട്ബോൾ മത്സരത്തിൽ ഒരു സൈഡിൽ 5 പേരായിരിക്കും ഉണ്ടായിരിക്കുക. മൊത്തം 10 പേരാണ് ഒരു ടീമിൽ ഉണ്ടായിരിക്കേണ്ടത്. 20 മിനിറ്റുകളുള്ള രണ്ട് പകുതി ആയിട്ടായിരിക്കും മത്സരം നടത്തുക. 5 മിനിറ്റ് വിശ്രമം. കളി സമനിലയിൽ ആയാൽ Tie breake ലൂടെ വിജയികളെ നിശ്ചയിക്കുന്നതാണ്.

11. ടഗ്ഗ് ഓഫ് വാർ മത്സരത്തിൽ പുരുഷൻമാർക്ക് 640 കിലോ പരിധിയും വനിതകൾക്ക് 500 കിലോ പരിധിയും ആയിരിക്കും .ജഴ്സിയും,യൂണിഫോമും ടീമുകൾക്ക് നിർബന്ധമാണ്.(ഷൂ ആവശ്യമുള്ള ഇനങ്ങൾക്ക് മാത്രം)

12. ജില്ലാതല മത്സരങ്ങൾക്ക് കൂടുതൽ ടീമുകൾ ഉണ്ടെങ്കിൽ സോൺ തിരിച്ച് പ്രാഥമിക റൗണ്ട് മത്സരങ്ങൾ നടത്തുന്നതാണ്. ഫൈനൽ റൗണ്ടിൽ 16 ടീമുകളാണ് മത്സരിക്കുക.

13. പൂരിപ്പിച്ച അപേക്ഷാ ഫോറം **സെക്രട്ടറി,ജില്ലാ സ്പോർട്സ് കൗൺസിൽ സിവിൽ സ്റ്റേഷൻ,മലപ്പുറം-676505** എന്ന വിലാസത്തിൽ തപാലിലോ,**beachgamesmpm2019@gmail.com** എന്ന ഇമെയിൽ വിലാസത്തിലോ അയക്കേണ്ടതാണ് . ഇ-മെയിൽ വിലാസത്തിൽ അപേക്ഷിക്കുന്നവർ ഒറിജിനൽ അപേക്ഷയും അനുബന്ധരേഖകളും മത്സരത്തിനു മുമ്പായി ഹാജരാക്കേണ്ടതാണ്. അപേക്ഷ അയക്കേണ്ട അവസാന തിയ്യതി 2019 ഒക്ടോബർ 20 ആണ്. അപേക്ഷയോടൊപ്പം ക്ലബ്ബ് രജിസ്ട്രേഷൻ സംബന്ധിച്ച രേഖയുടെ പകർപ്പ്,ടീമംഗങ്ങളുടെ പ്രായം തെളിയിക്കുന്നതിനുള്ള രേഖയുടെ പകർപ്പ് , വിദ്യാഭ്യാസ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയ രേഖ,മത്സ്യതൊഴിലാളികൾക്ക് വേണ്ടിയുള്ള മത്സരത്തിലാണ് പങ്കെടുക്കുന്നതെങ്കിൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ തിരിച്ചറിയൽ കാർഡ് എന്നിവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.



Scanned by CamScanner

14. ഈ മത്സരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്തിമമായി തീരുമാനിക്കുന്നതിനുള്ള അധികാരം ജില്ലാ സ്പോർട്സ് കൗൺസിലിൽ നിക്ഷിപ്തമായിരിക്കും .
15. ഒരു ഗെയിംമിന് ഒരു അപേക്ഷ സമർപ്പിക്കേണ്ടതാണ്. (ഒരു ക്ലബ്/സ്ഥാപനം വിവിധ മത്സരങ്ങൾക്ക് പങ്കെടുക്കുന്നുണ്ടെങ്കിൽ പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.)

സെക്രട്ടറി
മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിൽ

| | | |
|---|---|---|
| അപേക്ഷ അയക്കേണ്ട അവസാനതിയ്യതി | : | 2019 ഒക്ടോബർ 20 |
| അപേക്ഷ അയക്കേണ്ട വിലാസം | | സെക്രട്ടറി,ജില്ലാ സ്പോർട്സ് കൗൺസിൽ സിവിൽ സ്റ്റേഷൻ,മലപ്പുറം-676505 |

ഇ-മെയിൽ: beachgamesmpm2019@gmail.com

കൂടുതൽ വിവരങ്ങൾക്ക് : 9847071221 എന്ന നമ്പറിൽ ബന്ധപ്പെടുക

Scanned by CamScanner

SPORTS KERALA

ബീച്ച് ഗെയിംസ്

# മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിൽ

സിവിൽ സ്റ്റേഷൻ ,മലപ്പുറം-676505,ഫോൺ:0483 2734701,ഇ-മെയിൽ-scmalappuram@gmall.com

## ബീച്ച് ഗെയിംസ് 2019

### അപേക്ഷഫോറം

1. പങ്കെടുക്കുന്ന ക്ലബ്/സ്ഥാപനം/ കോളേജിന്റെ/സ്കൂളിന്റെ പേരും മേൽ വിലാസവും :

2. ക്ലബ് സെക്രട്ടറി/സ്ഥാപന മേധാവിയുടെ പേരും,അഡ്രസ്സും,ഫോൺ നമ്പറും :

3. പഞ്ചായത്ത്/മുനിസിപ്പാലിറ്റി :

4. നിയമസഭാമണ്ഡലം :

5. മത്സരിക്കുന്ന കായികയിനം :

: ഫുട്ബോൾ/വോളിബോൾ/കബഡി/വടംവലി

: ഫുട്ബോൾ(മത്സ്യതൊഴിലാളി മാത്രം)

: വടംവലി(മത്സ്യതൊഴിലാളി മാത്രം)

(തീരദേശവാസികൾ കടലിൽ പോകുന്നവരാണെന്ന് തെളിയിക്കുന്ന ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്)

6. കോച്ചിന്റെ പേരും ഫോൺനമ്പറും :

7. മാനേജരുടെ പേരും ഫോൺനമ്പറും :



Scanned by CamScanner

| ജനറൽ | | | തീരദേശവാസികൾ |
|---|---|---|---|
| ഫുട്ബോൾ/വോളിബോൾ/കബഡി/വടംവലി | | | ഫുട്ബോൾ/വടംവലി |
| ക്ര.നം | പേര് | ആൺ/ പെൺ | |
| 1. | | | |
| 2. | | | |
| 3. | | | |
| 4. | | | |
| 5. | | | |
| 6. | | | |
| 7. | | | |
| 8. | | | |
| 9. | | | |
| 10. | | | |
| 11. | | | |
| 12. | | | |

## സത്യപ്രസ്താവന

ഞാൻ ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും ബീച്ച് ഗെയിംസ് 2019ന്റെ നിയമനിബന്ധനകൾക്കും വിധേയമായി പ്രവർത്തിക്കുന്നതാണ്.മേൽ സൂചിപ്പിച്ച വിവരങ്ങൾ സത്യസന്ധവും ശരിയുമാണെന്ന് ബോധിപ്പിക്കുന്നു.

സ്ഥാപന മേധാവി /സെക്രട്ടറി പേര്
ഒപ്പ്.

അപേക്ഷ അയക്കേണ്ട അവസാനതിയ്യതി : 2019 ഒക്ടോബർ 20

അപേക്ഷ അയക്കേണ്ട വിലാസം സെക്രട്ടറി,ജില്ലാ സ്പോർട്സ് കൗൺസിൽ സിവിൽ സ്റ്റേഷൻ,മലപ്പുറം-676505

ഇ-മെയിൽ: beachgamesmpm2019@gmail.com

കൂടുതൽ വിവരങ്ങൾക്ക് : 9847071221 എന്ന നമ്പറിൽ ബന്ധപ്പെടുക

## ഓഫീസ് ആവശ്യത്തിന്

ടെക്നിക്കൽ ഇൻചാർജ്                സെക്രട്ടറി



Scanned by CamScanner